അൺഎയിഡഡ് സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകാനുള്ള ഭാഷാ ന്യൂനപക്ഷ കമ്മിറ്റി തീരുമാനം നടപ്പാക്കാൻ നടപടി

347 [2406] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് സബ് ജില്ലയിൽ അൺഎയിഡഡ് ആയിട്ടുള്ള മൂന്ന് സ്കൂളുകളിൽ ഭാഷാ ന്യൂനപക്ഷ സർക്കാർ കമ്മിറ്റി ഉച്ചഭക്ഷണം നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഡി.പി.ഐ.-യിൽ ഇത് സംബന്ധിച്ച് നിലവിലുള്ള എൻ.എം. 1/81939/03 ഫയലിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) നടപടി പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ജൂലായ് മാസത്തിൽ നടന്ന ഭാഷാന്യൂനപക്ഷ സർക്കാർ കമ്മിറ്റിയുടെ തീരുമാനം നാളിതുവരെയും നടപ്പിലാക്കാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇത്തരത്തിൽ ഫയലുകൾ വച്ച് താമസിപ്പിക്കുന്നതിന് ആരുടെയെങ്കിലും പേരിൽ നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജി) കമ്മിറ്റി തീരുമാനം എന്നത്തേക്ക് നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ഇത് സംബന്ധിച്ച് അന്തിമ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. വിദ്യാഭ്യാസ ഡയറക്ടർ ഇക്കാര്യത്തിൽ നടപടികൾ തുടർന്നു കൊണ്ടിരിക്കുകയാണ്.

(ഡി ആന്റ് ഇ) പൊതുവിദ്യാഭ്യാസ ഡയറക്ടർ പീരുമേട് എ.ഇ.ഒ.-യിൽ നിന്ന് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് ലഭിച്ചിട്ടില്ല. അത് കിട്ടിയശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ഗവൺമെന്റിന് വിശദമായ ശുപാർശകളടങ്ങിയ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(എഫ് ആന്റ് ജി) ഇക്കാര്യത്തിൽ ആരുടെ പേരിലും നടപടിയെടുത്തിട്ടില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ പരിശോധിച്ച് ഉചിതമായ നടപടിയെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly